(ബി) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ ;

(സി) ഈ വിഷയവുമായി ബന്ധപ്പെട്ട് നല്കിയ പരസ്യങ്ങൾക്കും മറ്റു ചെലവുകൾക്കും സർക്കാർ ഖജനാവിൽ നിന്നും എന്തുതുക ചെലവായി ;

(ഡി) കടൽ മണൽ ഖനനം സംബന്ധിച്ച് സർക്കാർ നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) മുംബൈ ആസ്ഥാനമായുള്ള ക്രൗൺമാരി ടൈം കമ്പനി (പ്രൈവറ്റ്) ലിമിറ്റഡ് എന്ന സ്ഥാപനം ആഴക്കടലിൽ നിന്നും മണൽ ഖനനം ചെയ്യാനുള്ള നിർദ്ദേശവുമായി ഒരു പ്രോജക്ട് അവതരിപ്പിച്ചിരുന്നു. മണൽ നിക്ഷേപത്തിന്റെ ലഭ്യതാ തോത് നിർണ്ണയം ചെയ്യുന്നതിനും അതിന്റെ ഖനനസാദ്ധ്യതകളെക്കുറിച്ച് പഠനം നടത്തുന്നതിനുമാണ് അപേക്ഷ ലഭിച്ചത്.

(സി) സർക്കാർ ഇതിനായി തുകയൊന്നും ചിലവഴിച്ചിട്ടില്ല.

(ഡി) സർക്കാർ ഇക്കാര്യത്തിൽ നിലപാടൊന്നും ഇതുവരെ കൈക്കൊണ്ടിട്ടില്ല.

**കൈത്തറി വ്യവസായ മേഖലയിലെ പുതിയ പദ്ധതികൾ**

20 (1210) ശ്രീ. കെ. പി. മോഹനൻ :
ഡോ. എ. നീലലോഹിതദാസൻ നാടാർ :
ശ്രീ. സി. കെ. നാണു :
ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കൈത്തറി വ്യവസായ മേഖലയിൽ എന്തെങ്കിലും പുതിയ പദ്ധതികൾ തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ബി) സംസ്ഥാന ഗവൺമെന്റ് കൈത്തറി മേഖലയുടെ വികസനത്തിനു വേണ്ടി കഴിഞ്ഞ രണ്ടുവർഷത്തിനുള്ളിൽ എന്തൊക്കെ പരിപാടികൾ ആവിഷ്ക്കരിച്ചു ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) കൈത്തറി മേഖലയുടെ വികസനം ലക്ഷ്യമാക്കി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് ധനസഹായം ലഭ്യമാക്കുന്നതിന് സംസ്ഥാന സർക്കാർ 2001-02 മുതൽ 31-5-2003 വരെ സമർപ്പിച്ച പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കൈത്തറി മേഖലയിൽ 9-ാം പദ്ധതിക്കാലത്ത് നടപ്പിലാക്കിവന്ന പ്രധാനപ്പെട്ട എല്ലാ പദ്ധതിയും 10-ാം പദ്ധതിക്കാലത്തും തുടരാൻ തീരുമാനിക്കുകയും അവ നടപ്പാക്കുകയും ചെയ്യുന്നുണ്ട്. വിദഗ്ദ്ധ നെയ്ത്തുകാരെ കണ്ടെത്തി അവർക്ക് പരിശീലനവും പ്രോത്സാഹനവും നൽകി ഗുണമേന്മയേറിയ കൈത്തറി വസ്ത്രങ്ങൾ നെയ്തെടുക്കുന്നതിന് 'കലാപരമായ കൈത്തറി വസ്ത്രങ്ങളുടെ വിപുലീകരണം' എന്ന പദ്ധതി നെയ്ത്തിലും ഡൈയിംഗിലും ഡിസൈനിലും വിദഗ്ദ്ധ പരിശീലനം നൽകുന്നതിനുള്ള പദ്ധതി ഫാക്ടറി ടൈപ്പ് സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിച്ച് അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ധനസഹായം നൽകുന്ന പദ്ധതി, സ്വകാര്യ മേഖലയിൽ കൈത്തറി യൂണിറ്റുകൾ ആരംഭിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതി എന്നിവ ആവിഷ്ക്കരിച്ച് നടപ്പാക്കിവരുന്നു.

കൂടാതെ കേന്ദ്ര സർക്കാരിന്റെ പദ്ധതിപ്രകാരം 10 കോടി രൂപാ വീതം മുതൽമുടക്കുള്ള കയറ്റുമതി ലക്ഷ്യമാക്കിയുള്ള രണ്ടു പദ്ധതികൾ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുകയും ഹാന്റക്സ്, ഹാൻവീവ് എന്നീ സ്ഥാപനങ്ങളെ പുനഃസംഘടിപ്പിച്ച് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് 'ദീൻദയാൽ' കൈത്തറി വികസന പദ്ധതി പ്രയോജനപ്പെടുത്തി കേന്ദ്ര സഹായം ലഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

**സംസ്ഥാനത്തുല്പാദിപ്പിക്കുന്ന വസ്ത്രങ്ങൾ വിറ്റഴിക്കാൻ നടപടി**

21 (1211) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വസ്ത്ര ഉല്പാദനത്തേയും ഉപഭോഗത്തേയും കുറിച്ച് ഒരു വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ വസ്ത്രങ്ങളുടെ വില്പനയിൽ റിക്കാർഡ് ഉള്ളപ്പോഴും സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന വസ്ത്രങ്ങൾ വിറ്റഴിക്കപ്പെടുന്നില്ല എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ;

(സി) സംസ്ഥാനത്ത് ഒരു വർഷം ശരാശരി എന്തു തുകയുടെ വസ്ത്രങ്ങൾ വിറ്റഴിക്കപ്പെടുന്നു എന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ഡി) ഇതിൽ സംസ്ഥാനത്ത് ഉല്പാദിപ്പിക്കപ്പെടുന്ന വസ്ത്രങ്ങൾ എത്രയുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ;

(ഇ) സംസ്ഥാനത്ത് ഒരു വർഷത്തെ വിവിധതരം വസ്ത്രങ്ങളുടെ ശരാശരി ഉല്പാദനത്തേയും അവയുടെ വില്പനയേയും കുറിച്ചുള്ള വിശദാംശം വെളിപ്പെടുത്തുമോ ;

(എഫ്) സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന വസ്ത്രങ്ങൾ വിറ്റഴിക്കപ്പെടുന്നതിന് കൂടുതൽ ക്രിയാത്മക നടപടികൾ സ്വീകരിക്കുമോ ;

(ജി) ആഴ്ചയിൽ ഒരു ദിവസം പാരമ്പര്യ കേരളീയ വസ്ത്രം ധരിക്കുന്നത് സംബന്ധിച്ച പ്രചരണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly